**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പാറ, മണൽ, സിമന്റ്, കമ്പി എന്നിവയ്ക്ക് അടിക്കടി ഉണ്ടായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വില വർദ്ധനവ് മൂലം സർക്കാരിന്റെയുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>ഈ വില വർദ്ധനവ് മൂലം സർക്കാരിന്റെയുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഇത് തടയുന്നതിനും, വില നിലവാരം പിടിച്ചു നിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) | കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖികരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും ഉത്പാദനം വർദ്ധിപ്പിച്ച് മിതമായ വിലയ്ക്ക് സിമന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര നയങ്ങളുടെ അനന്തരഫലമായി ഉണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട്. |
| (സി) | നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ, പാവപ്പെട്ടവർക്ക് നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും |

| | | | |
|---|---|---|---|
| | | | സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായ നയം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ